**POLICE** **DEPARTMENT**

**KERALA**

**No. E2-67906/2017/MM**
District Police Office,
Malappuram
✉spmpm.pol@kerala.gov.in
✆04832734983
Dated. 22-05-2020

**ലേലം**

മലപ്പുറം ജില്ലാ സായുധ സേനാ ക്യാന്പിൽ സൂക്ഷിച്ചിട്ടുള്ളതും, ഉപയോഗയോഗ്യമല്ലാത്തതും, ഡിപ്പാർട്മെൻറിനു ആവശ്യമില്ലാത്തതുമായ താഴെ കാണിച്ചിരിക്കുന്ന ഡിപ്പാർട്മെൻറ് വാഹനങ്ങൾ ജൂൺ 4-ാം തിയ്യതി പകൽ 11.00 മണിക്ക് പ്രസ്തുത ക്യാന്പിൽവെച്ച് പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതാണ്.

| ക്രമനന്പർ | വാഹന നന്പർ | മോഡൽ | നിരത ദ്രവ്യം |
|---|---|---|---|
| 1 | KL 01 AV 392 Invader | 2009 | 4000 |
| 2 | KL 01 AG 5261 Sumo | 2005 | 3000 |
| 3 | KL 01 AH 6686 M/C | 2005 | 150 |
| 4 | KL01 AS 3523 Scooter | 2008 | 75 |
| 5 | KL 01AS 3527 Scooter | 2008 | 75 |
| 6 | KL01 AS 3563 Scooter | 2008 | 75 |
| 7 | KL 01AS 3584 Scooter | 2008 | 75 |
| 8 | KL 01 X 9477 Bus | 2001 | 3500 |
| 9 | KL 01 AH 2066 M/C | 2005 | 150 |
| 10 | KL 01 5059 Jeep | 1989 | 2500 |
| 11 | KL 01 A 7737 Open Lorry | 1991 | 3500 |
| 12 | KL 01 AG 9700 Quails | 2004 | 4000 |

ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേല സമയത്ത് നേരിട്ട് ഹാജരാകേണ്ടതും, ലേലം തുടങ്ങുന്നതിനു ഒരു മണിക്കൂർ മുന്പായി മുകളിൽ കാണിച്ചിരിക്കുന്ന വാഹനത്തിനു നേരെ കാണിച്ചിരിക്കുന്ന തുക നിരതദ്രവ്യം കെട്ടി വെക്കേണ്ടതാണ്. കൂടാതെ ഈ വാഹനങ്ങൾ വാങ്ങുവാൻ ഉദ്ദേശിക്കുന്നവരിൽ നിന്നും മുൻകൂട്ടി സീൽ ചെയ്ത കവറിൽ ദാർഘാസുകൾ നേരിട്ടോ തപാൽ മുഖേനേയോ 2020 ജൂൺ 3-ാം തിയ്യതിക്കു മുന്പായി മലപ്പുറം ജില്ലാ പോലാസ് മേധാവിക്കു ലഭിക്കത്തക്കവണ്ണം അപേക്ഷ സമർപ്പിക്കാവുന്നതാണ്. ദാർഘാസിനൊപ്പം വാഹനങ്ങൾക് നിത ദ്രവ്യമായി മേൽപ്പറഞ്ഞ നിരക്കിനും തുകക്കുമുള്ള, ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും -മലപ്പുറം ജില്ലാ പോലീസ് മേധാവിയുടെ പേരിൽ മാറാവുന്ന ഡിഡി അടക്കം ചെയ്യേണ്ടതുമാണ്.

ദാർഘാസുകൾ ലേലത്തിനെത്തിയവരുടെ സാനിദ്ധ്യത്തിൽ തുറക്കുന്നതും , ദാർഘാസിൽപറഞ്ഞ തുകയോ, ലേലം വിളിച്ച തുകയോ ഏതാണോ കൂടുതൽ , ആ തുകക്ക് യുക്തം തോന്നുന്ന പക്ഷം ലേലം ബന്ധപ്പെട്ടയാളിൻറെ പേരിൽ നിശ്ചയിക്കുന്നതുമാണ്. അദ്ദേഹം ഉടൻ ലേലം /ദാർഘാസ് തുകയുടെ പകുതി സംഖ്യാ (നികുതി ഉൾപ്പെടെ) നിരത ദ്രവ്യം കിഴിച്ച് ലേല സ്ഥലത്ത് വെച്ച് തന്നെ അടക്കേണ്ടതും,ബാക്കി സംഖ്യാ ( നികുതി ഉൾപ്പെടെ)പ്രളയസെസ് 1%എന്നിവ സഹിതം ലേലം /ദാർഘാസ് സ്ഥിരപ്പെടുത്തി 10 ദിവസത്തിനുള്ളിൽ അടവാക്കി സ്വന്തം ചെലവിൽ ലേലം/ ദാർഘാസ് പ്രകാരം ലഭിച്ച വാഹനം നീക്കം ചെയ്യേണ്ടതുമാണ്.

മേൽപറഞ്ഞപ്രകാരം ലേലം കൊണ്ടയാൾ ഈ നിയമങ്ങൾ ലംഘിച്ചാൽ ബന്ധപ്പെട്ടയാളുടെ നിരത ദ്രവ്യം സർക്കാരിലേക്ക് മുതൽകൂട്ടുന്നതും, വാഹനങ്ങൾ പുനർ ലേലം ചെയ്യുന്നതുമാണ്. പുനർലേലത്തിൽ സർക്കാരിന് ഏതെങ്കിലും തരത്തിലുള്ള നഷ്ടം സംഭവിച്ചാൽ ആയതിന് ആദ്യം ലേലം കൊണ്ടയാൾ ഉത്തരവാദിയായിരിക്കും . നഷ്ടപ്പെട്ട തുക അദ്ദേഹത്തിൽ നിന്നും ഈടാക്കുവാൻ നടപടി സ്വീകരിക്കുന്നതായിരിക്കും. പു നർ ലേലത്തിൽ കൂടുതൽ തുക ലഭിച്ചാൽ അയാൾക് അതിൽ അവകാശമുണ്ടായിരിക്കുന്നതുമല്ല.

ലേലം ചെയ്യാൻ ഉദ്ദേശിക്കുന്ന വാഹനങ്ങൾ ലേല തിയ്യതിക്കുമുന്പ് ഏതെങ്കിലും പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10.00 മണിമുതൽ വൈകുനേരം 4.00 മണിപരെയുള്ള സമയങ്ങളിൽ മലപ്പുറം ജില്ലാ സായുധസേന കമാണ്ടൻറിൻറെ

അനുമതിയോട്ടുകൂടി പരിശോധിക്കാവുന്നതാണ്. യാതൊരു കാരണവും കാണിക്കാതെ ലേലം മാറ്റി വെയ്ക്കുകയോ , ലേലം / ദാർഘാസ് അസ്ഥിരപ്പെടുത്തുകയോ ചെയ്യുന്നതിന് ദില്ലാ പോലീസ് മേധാവിക്ക് അധികാരം ഉണ്ടായിരിക്കുന്നതുമാണ്.

Abdul Karim U IPS
District Police Chief

To : 1.എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും,സിര്റിപോലീസ് കമ്മീ,്ണർമാർക്കും,കമാണ്ടൻറുമാർക്കും ആവശ്യമായ പരസ്യത്തിന്നായി, 2.പോലീസ് സൂപ്രണ്ട് , പോലീസ് ആസ്ഥാനം തിരുവനന്തപുരം അരിവിലേക്കായി. 3.സൂപ്രണ്ട് .ഗവൺമെൻര് പ്രസ്സ് തിരുവനന്തപുരം ( കവർ ലെറ്റർ സഹിതം) പരസ്യത്തിന്നായി. 4.ഡയരക്റ്റർ പബ്ലിക് റിലേഷൻ ഡിപ്പാർട്മെൻറ് അരിവിലേക്കും അനന്തര നടപടികൾക്കുമായി. 5.എ സി ഡിപിഎച്ച് ക്യു മലപ്പുറം അരിവിലേക്കും അനന്തര നടപടികൾക്കുമായി. 6.മലപ്പുറം ജില്ലയിലെ എല്ലാ പോലാസ് ഓഫീസർമാർക്കും അതിവിലേക്കായി.